# ചോദ്യോത്തരം

പി. അബ്ദുല്ലക്കുട്ടി. ak@vazhi.org

---

1- വിശുദ്ധ ഖുർആന്റെ മൗലിക സന്ദേശങ്ങൾ എന്തെല്ലാം ?

ഉ: വിശുദ്ധ ഖുർആന്റെ മൗലിക സന്ദേശങ്ങൾ പ്രധാനമായും മൂന്നാണ്.
സർവലോകസ്രഷ്ടാവായ ഏകദൈവത്തിലുള്ള വിശ്വാസം
മരണാനന്തരജീവിതത്തിലുള്ള വിശ്വാസം
മാനവസമൂഹത്തിന്റെ മാർഗദർശകരായ പ്രവാചകന്മാരിലുള്ള വിശ്വാസം

---

2- വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന തത്ത്വങ്ങൾ എന്തെല്ലാം ?

ഉ: മാനവിക സാഹോദര്യം, ഉച്ചനീചത്വങ്ങളുടെ ഉന്മൂലനം, ദൈവമാർഗത്തിലുള്ള ആത്മത്യാഗം, ഭൗതികാസക്തിയിൽനിന്നുള്ള മോചനം എന്നിവയാണ് പരിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന പ്രധാന തത്ത്വങ്ങൾ.
പക, വിദ്വേഷം, അസൂയ, അസഹിഷ്ണുത, ഏഷണി, പരദൂഷണം, സ്വഭാവഹത്യ, ശത്രുത, വഞ്ചന, കാപട്യം, സ്വജനപക്ഷപാതം, അഴിമതി, വർഗീയത തുടങ്ങി എല്ലാ ദുർഗുണങ്ങളെയും വി.ഖുർആൻ കഠിനമായി വിലക്കുന്നു.
സത്യം, നീതി, സാഹോദര്യം, നിസ്വാർഥത, ത്യാഗം, സഹിഷ്ണുത പോലുള്ള മൂല്യങ്ങൾ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും പരിരക്ഷിക്കുവാൻ ഉദ്ബോധിപ്പിക്കുന്നു.
സ്നേഹം കാരുണ്യം, ഭൂതദയ, ദാനശീലം, അനാഥസംരക്ഷണം, വിധവാവിവാഹംപോലുള്ള സദ്കാര്യങ്ങളെ ശക്തമായി വി.ഖുർആൻ പ്രോത്സാഹിപ്പിക്കുന്നു.
കൊലപാതകം, വ്യഭിചാരം, ലൈംഗിക ചൂഷണം സ്വവർഗരതി, മോഷണം, മദ്യപാനം, മയക്കുമരുന്ന്, ചൂതാട്ടം, പലിശ, അളവിലും തൂക്കത്തിലും കൃത്രിമം, തുടങ്ങിയ തിന്മകളെ കർശനമായി നിരോധിക്കുന്നു.

---

3- വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്ന ഏകദൈവ സങ്കൽപം എന്ത് ?
ഉ: പ്രഖ്യാപിക്കുക: അവൻ അല്ലാഹു ആകുന്നു. ഏകൻ, അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും, എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു. അവന്നു സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന്നു തുല്യനായും ആരുമില്ല. വി.ഖു അദ്ധ്യായം:112
അവൻ ഒരുവൻ. ഈ അണ്ഡകടാഹത്തിന്റെ സ്രഷ്ടാവും, ഉടമയും, തന്റെ സൃഷ്ടികളുടെ അന്നദാതാവും, വിധാതാവും, ആസൂത്രകനും, രാജാധിരാജനും, ആപൽസന്ധികളിൽ തുണയരുളുന്നവനും, ആവലാതികൾ കേൾക്കുന്നവനും, പരമ കാരുണികൻ, കരുണാനിധി, വിധിദിനത്തിന്റെ അധിപൻ, അവനല്ലാതെ ആരാധ്യനില്ല.
വാനലോകത്തുനിന്ന് ജലം വർഷിപ്പിച്ചു നിർജ്ജീവമായി കിടന്ന ഭൂമിയെ ജീവിപ്പിക്കുകയും അതിൽ എല്ലാ ജീവികളേയും വ്യാപിപ്പിക്കുകയും ചെയ്തവൻ, കാറ്റടിപ്പിക്കുന്നവൻ.
എന്നെന്നും ഉണ്ടായിരുന്നവനും, എന്നെന്നും ഉണ്ടായിരിക്കുന്നവനുമായ ഏകദൈവമാണവൻ.
അവന്റെ മുമ്പ് ഒരു ദൈവവുമുണ്ടായിരുന്നില്ല. അവന്ന് ശേഷം ഉണ്ടാവുകയുമില്ല.
അവൻ ഒറ്റയൊരു ദൈവമാണ്. അവന്ന് സഹജാതനോ സ്വജാതിക്കാരനോ ഇല്ല.
അവന്റെ സത്ത വെറും ഒന്നല്ല. ഒരേയൊന്നാണ്. അതിൽ യാതൊരു തരത്തിലുള്ള ബഹുത്വത്തിന്നും പഴുതില്ല. അവൻ ഘടകങ്ങളാൽ ഘടിപ്പിക്കപ്പെട്ട ഉൺമയല്ല. അതിനാൽ അവൻ അഭേദ്യനും അഖണ്ഡനും അവിഭാജ്യനുമാകുന്നു.
സകല വിധ ബഹുത്വങ്ങളിൽനിന്നും മുക്തൻ. എല്ലാ പരിഗണനകളിലും ഏകനാണവൻ.
എല്ലാ നിലക്കുമുള്ള ബഹുത്വങ്ങൾക്കും അതീതനായ അസ്തിത്വം അവൻ മാത്രമേയുള്ളു.
അവന്റെ ഏകത്വം സർവസമ്പൂർണമാണ്.
തനിക്കുപരി മറ്റാരുമില്ലാത്ത ഉന്നതൻ. അനുസരിക്കപ്പെടുന്നവൻ. ആവശ്യക്കാരുടെ അന്തിമാവലംഭമായ നേതാവ്, സ്ഥിരമായത്, വിശപ്പോ ദാഹമോ ക്ഷീണമോ ഏശാത്തവൻ. തന്റേതായ സകല ഗുണങ്ങളിലും കർമങ്ങളിലും സർവസമ്പൂർണൻ. യാതൊരുവന്റെ ഗുണങ്ങളാൽ മറ്റാരും വിശേഷിപ്പിക്കപ്പെടുന്നില്ലയോ അവൻ. ലോകം മുഴുവൻ അവനെ ആശ്രയിക്കുന്നു. അവൻ ആരേയും ആശ്രയിക്കുന്നുമില്ല. ലോകത്തിലെ സകല വസ്തുക്കളും അവയുടെ ഉൺമയ്ക്കും നിലനിൽപിനും ആവശ്യപൂർത്തീകരണത്തിനും ബോധപൂർവമോ അല്ലാതെയോ അവന്റെ നേരേ തിരിയുന്നു.
എല്ലാവരുടെയും ആവശ്യങ്ങൾ പൂർത്തീകരിച്ചുകൊടുക്കുന്നവൻ. വിഭവദാതാവ്, ആരിൽനിന്നും വിഭവം സ്വീകരിക്കാത്തവൻ, ഒറ്റപ്പെട്ടവൻ. പ്രപഞ്ചത്തിലെങ്ങും അവന്റെ അധികാരം നിലനില്ക്കുന്നു.
അവൻ സർവോന്നതനാണ്.
അല്ലാഹു പുത്രനെ സ്വീകരിച്ചിട്ടില്ല. അവന്റെ കൂടെ വേറെ ദൈവവുമില്ല. (23:91)

അല്ലാഹു പുത്രനെ സ്വീകരിച്ചുവെന്ന് ജനം പറഞ്ഞുകളഞ്ഞു. അവനെത്ര പരിശുദ്ധൻ. അവർ

പുത്രൻമാരെന്നു പറയുന്നവരാകട്ടെ അവൻെറ ആദരണീയരായ അടിമകളാകുന്നു. (21:26)
ഏകനായ ദൈവം മാത്രമാകുന്നു അല്ലാഹു. പുത്രനുണ്ടാകുന്നതിൽനിന്ന് പരിശുദ്ധനത്രേ അവൻ. ആകാശഭൂമികളിലുള്ളതൊക്കെയും അവൻെറതാകുന്നു. (4:171)

അറിയുവിൻ, ഇക്കൂട്ടർ, അല്ലാഹുവിന്ന് മക്കളുണ്ടെന്ന് കള്ളംകെട്ടിച്ചമയ്ക്കുകയാകുന്നു. തീർച്ചയായും അവർ കള്ളം പറയുന്നവർതന്നെയാണ്. ( 37:151,152)

ജനം അവൻെറ ചില ദാസൻമാരെ അവൻെറ ഘടകമാക്കിക്കളഞ്ഞു. മനുഷ്യൻ സ്പഷ്ടമായും നന്ദികെട്ടവനാണെന്നതത്രേ യാഥാർഥ്യം. (43:15)

പ്രവാചകരെ, പറയുക: പുത്രനെ സ്വീകരിക്കാത്തവനും ആധിപത്യത്തിൽ പങ്കാളികളാരുമില്ലാത്തവനും രക്ഷിക്കാൻ ഒരു സഹായി ആവശ്യമാകത്തക്ക വണ്ണം യാതൊരു ദൗർബല്യവും ഇല്ലാത്തവനുമായ അല്ലാഹുവിന്ന് സർവസ്തുതിയും. വി.ഖു 17:111

അല്ലാഹു പുത്രനെ സ്വീകരിച്ചുവെന്നു ജനം പറഞ്ഞുകളഞ്ഞു. അവനെത്ര പരിശുദ്ധൻ. അവൻ സ്വയം പര്യാപ്തനാകുന്നു. ആകാശഭൂമികളൊക്കെയും അവൻെറതാണ്. നിങ്ങളിപ്പറയുന്നതിന് നിങ്ങളുടെ വശം വല്ല പ്രമാണവുമുണ്ടോ? അല്ലാഹുവിനെക്കുറിച്ച് നിങ്ങൾക്കറിഞ്ഞുകൂടാത്ത കാര്യങ്ങൾ പറയുകയോ? (10:68)

അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. അവൻ രാജാവാകുന്നു. അതീവ പരിശുദ്ധൻ. പരമ സമാധാനം. അഭയ ദാതാവ്. സർവ രക്ഷകൻ. അജയ്യൻ. സകലതും അടക്കി ഭരിക്കുന്നവൻ. മഹോന്നതൻ. ജനം ആരോപിക്കുന്ന പങ്കാളിത്തത്തിൽനിന്നൊക്കെയും എത്രയോ പരിശുദ്ധനാകുന്നു അവൻ. അവൻ അല്ലാഹു,; സ്രഷ്ടാവ്, പടച്ചവൻ, രൂപശിൽപി, അവന്നുള്ളത് വിശിഷ്ടനാമങ്ങൾ മാത്രം. ആകാശഭൂമികളിലുള്ളതൊക്കെയും അവനെ പ്രകീർത്തിക്കുന്നു. അവൻ അജയ്യനും യുക്തിമാനുമെത്രെ. (59:23,24.)

4- ഖുർആൻ അവതരിപ്പിക്കു,ന്ന മരണാനന്തര വിശ്വാസം എന്ത് ?
ഉ: മനുഷ്യൻ മരണശേഷം അന്ത്യനാളിൽ പരലോകത്ത് പുനർജീവിക്കപ്പെടുമെന്നും കണിശവും നീതിപൂർവവുമായ പ്രതിഫലം നല്കപ്പെടുമെന്നതുമാണ് പരലോകവിശ്വാസത്തിൻെറ കാതൽ. ഐഹികജീവിതം നശ്വരമാണെന്നും പരലോകജീവിതമാണ് ശാശ്വതമെന്നും ഖുർആൻ പഠിപ്പിക്കുന്നു. പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തിനുമാത്രം അറിയാവുന്ന ഒരുദിനത്തിൽ പ്രപഞ്ചം മുഴുവൻ അവസാനിച്ചുപോകുന്നതും പിന്നീട് ഏകനും അനാശ്രയനുമായ അല്ലാഹുമാത്രം അവശേഷിക്കുന്നതുമാണ്. ഈ ലോകം അവസാനിച്ചശേഷം ദൈവം മറ്റൊരു ലോകവ്യവസ്ഥ സൃഷ്ടിക്കുന്നതാണ്. അതിലവൻ മനുഷ്യതലമുറകളെ മുഴുവൻ ഒരുമിച്ചുകൂട്ടി അവരുടെ ഐഹിക ജീവിതപ്രവർത്തനങ്ങളെക്കുറിച്ചു വിചാരണ നടത്തുകയും ഓരോ വ്യക്തിക്കും തൻെറ കർമ്മത്തിനൊത്ത് പ്രതിഫലം നൽകുകയും ചെയ്യുന്നതാണ്. വിധിദിനം സകലവിധ അധികാരങ്ങളുടെയും ഏക അധിപൻ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവം മാത്രമായിരിക്കും. അവൻെറ പ്രതിഫലത്തെയോ ശിക്ഷയെയോ തടസ്സപ്പെടുത്തുവാൻ ആർക്കും സാധ്യമല്ല. സജ്ജനങ്ങളെന്ന് ദൈവം വിധിക്കുന്നവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതും ദുർജ്ജനങ്ങളെന്നു വിധിക്കപ്പെടുന്നവർ നരകത്തിൽ തള്ളപ്പെടുന്നതുമാണ്. അവിടെ കൈക്കൂലിയോ ശുപാർശയോ പ്രായശ്ചിത്തമോ മഹാൽമാക്കളോടുള്ള ബന്ധമോ വിലപ്പോവുകയില്ലന്നും ഒരാളും ഒരാൾക്കും പാപത്തിന് പരിഹാരമാകയില്ലെന്നും പരിശുദ്ധ ഖുർആൻ താക്കീതുചെയ്യുന്നു. . ദൈവത്തിൻെറ കോടതിയിൽ കലവറയില്ലാത്ത നീതി മാത്രമേ നടപ്പുള്ളു. സത്യവിശ്വാസവും സൽകർമ്മവുമല്ലാതെ അവിടെ പരിഗണനീയമല്ല.

4- പ്രവാചകനിയോഗത്തിൻെറ ഉദ്ദേശ്യമെന്ത് ?
ഉ: ആദിയിൽ എല്ലാ ജനവും ഒരേ മാർഗ്ഗത്തിലായിരുന്നു. പിന്നീട് ജനങ്ങൾക്കിടയിൽ ഭിന്നതകളുടലെടുത്തപ്പോൾ ദൈവം സന്മാർഗ്ഗാചരണത്തിൻെറ ശുഭപര്യവസാനമറിയിക്കുന്നവരായും ദുർമാർഗ്ഗാചരണത്തിൻെറ കെടുതികളെക്കുറിച്ചു താക്കീതുചെയ്യുന്നവരായും പ്രവാചകന്മാരെ നിയോഗിച്ചയച്ചു. ജനങ്ങൾക്ക് നഷ്ടപ്പെട്ടുപോയ സത്യമാർഗ്ഗം അവരുടെ മുമ്പിൽ വ്യക്തമായി കാണിച്ചുകൊണ്ട് അവരെ വീണ്ടും ഒരേ സമുദായമാക്കിത്തീർക്കുക എന്നതായിരുന്നു പ്രവാചകനിയോഗത്തിൻെറ സാക്ഷാൽ ഉദ്ദേശ്യം.
മാനവ സമൂഹത്തിൻെറ മാർഗദർശനത്തിന്നായി പ്രപഞ്ച സ്രഷ്ടാവായ ഏകദൈവത്താൽ നിയോഗിക്കപ്പെടവരാണ് പ്രവാചകന്മാർ. വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത സമൂഹങ്ങളിലേക്കായി ധാരാളം പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ടെങ്കിലും അവരിൽ 25 പ്രവാചകന്മാരുടെ പേരുവിവരമെ ഖുർആൻ വെളിപ്പെടുത്തിയിട്ടുള്ളു. മാലാഖമാർ മുഖേന ലഭിക്കുന്ന ദൈവിക സന്ദേശങ്ങൾ പ്രവാചകന്മാർ വാചാ കർമ്മണാ ജനങ്ങൾക്കുമുമ്പിൽ സത്യപ്പെടുത്തുന്നു.

വാച്യമായ സാക്ഷ്യം

ദൈവീക നിയമങ്ങളുടെ യാഥാർത്ഥ്യങ്ങളെയും അടിസ്ഥാന തത്വങ്ങളെയും ജനങ്ങളുടെ മുമ്പിൽ സത്യപ്പെടുത്തുകയും അത് മാത്രമാണ് സത്യമെന്നും അതിനെതിരായതെല്ലാം മിഥ്യയാണെന്നും അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്യുക. ദൈവാസ്തിക്യം, ഏകദൈവത്വം, മാലാഖമാരുടെ അസ്തിത്വം, ദിവ്യവെളിപാട്, മരണാനന്തരജീവിതം, സ്വർഗ-നരകങ്ങൾ എന്നിവ ആളുകൾക്ക് എത്ര വിചിത്രമായി തോന്നിയാലും ശരി, അതെപ്പറ്റി പറയുന്നവരെ അവർ എന്തുമാത്രം പരിഹസിച്ചാലും ശരി പ്രവാചകൻ അതൊന്നും ഒട്ടും പരിഗണിക്കാതെ അതെല്ലാം സത്യമാണെന്നും അവയിൽ വിശ്വസിക്കാത്തവർ അന്ധകാരത്തിലാണെന്നും ഉച്ചത്തിൽ വിളിച്ചുപറയുക. അതേ പ്രകാരം, ദൈവം അദ്ദേഹത്തിന് വെളിപ്പെടുത്തിക്കൊടുത്ത ധാർമിക-സദാചാര-നാഗരിക സങ്കൽപങ്ങളെയും സിദ്ധാന്തങ്ങളെയും മാനദണ്ഡങ്ങളെയും ലോകം എത്ര തന്നെ തള്ളിപ്പറഞ്ഞാലും ശരി, അവക്കെതിരായ പ്രവർത്തനം എത്ര തന്നെ പ്രചുരമാണെങ്കിലും ശരി, പ്രവാചകൻെറ ചുമതല, തന്നെ നിയോഗിച്ച ദൈവം വെളിപ്പെടുത്തിത്തന്ന ധാർമിക-സദാചാര-നാഗരിക നിയമങ്ങൾക്കെതിരായി പ്രചരിച്ചിട്ടുള്ള എല്ലാ സങ്കൽപങ്ങളും വിശ്വാസങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമാണെന്ന് പരസ്യമായി പ്രഖ്യാപിക്കലും പ്രചരിപ്പിക്കലുമാകുന്നു.

കർമപരമായ സാക്ഷ്യം.

പ്രവാചകൻ തൻെറ ജീവിതം മുഴുവൻ, താൻ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച ആശയാദർശങ്ങളുടെ പ്രായോഗിക രീതിയായി പ്രകടിപ്പിക്കുക. താൻ ചീത്തയാണെന്നു പറഞ്ഞ കാര്യങ്ങളുടെ എല്ലാ ഛായകളിൽനിന്നും അദ്ദേഹം പരിശുദ്ധനായിരിക്കണം. താൻ നന്നെന്നു പറഞ്ഞ കാര്യങ്ങൾ അദ്ദേഹത്തിൻെറ ജീവിതത്തിൻെറ എല്ലാവശങ്ങളിലും തിളങ്ങിക്കാണണം, നിർബന്ധമാണെന്നു പറഞ്ഞ കാര്യങ്ങൾ നിർവഹിക്കുന്നതിൽ അദ്ദേഹം മുമ്പനാകണം. തെറ്റെന്നു പറഞ്ഞ കാര്യങ്ങൾ വർജിക്കുന്നതിലും അപ്രകാരം തന്നെ. താൻ ദൈവീകനിയമങ്ങളെന്നു പറഞ്ഞ നിയമങ്ങൾ നടപ്പാക്കുന്നതിൽ അദ്ദേഹം യാതൊരു വീഴ്ചയും വരുത്തരുത്. അദ്ദേഹത്തിൻെറ സ്വഭാവവും പെരുമാറ്റവും പ്രബോധനത്തിൽ താൻ എന്തുമാത്രം സത്യസന്ധനും ആത്മാർത്ഥതയുള്ളവനുമാണെന്ന് സാക്ഷ്യം വഹിക്കണം. അദ്ദേഹത്തിൻെറ വ്യക്തിത്വം, അദ്ദേഹം ലോകത്തെ ക്ഷണിച്ചുകൊണ്ടിരിക്കുന്നതെന്തിലേക്കാണെന്നും ഏതു തരത്തിലുള്ള മനുഷ്യരെ വാർത്തെടുക്കാനാണതാഗ്രഹിക്കുന്നതെന്നും ജനങ്ങൾക്ക് അനായാസം ഗ്രഹിക്കാനുതകുന്ന സജീവ മാതൃകയായിത്തീരണം.

ഒരു സമുദായത്തിൽ പ്രവാചകൻ നിയുക്തനാവുകയും സ്വന്തം ജിഹ്വയിലൂടെ നേരിട്ടുതന്നെ അവർക്ക് ദൈവീക സന്ദേശമെത്തിക്കുകയും സ്വന്തം വ്യക്തിത്വത്തിലൂടെ തൻെറ സത്യാവസ്ഥക്ക് ജീവത്തായ മാതൃക സമർപ്പിക്കുകയും ചെയ്യുമ്പോൾ ആ ജനതയിൽ ദൈവത്തിൻെറ ന്യായം പൂർത്തിയാകുന്നു. അവരെ സംബന്ധിച്ചേടത്തോളം ഒഴികഴിവിൽ ഒരു പഴുതും അവശേഷിക്കുന്നില്ല. ദൈവദൂതനെ കൺമുമ്പിൽ കള്ളവാദിയാക്കിത്തള്ളിയ ജനത ദൈവവിധി കൈയോടെ അനുഭവിക്കാൻ തികച്ചും അർഹരായിത്തീരുന്നു.

ഒരു പ്രവാചകൻെറയും സന്ദേശം എത്തിയിട്ടില്ലാത്ത ആളുകളുടെ അവസ്ഥ എന്തായിരിക്കുമെന്ന് ചിലർ ചിന്തിച്ച് തല പുണ്ണാക്കാറുണ്ട്. ബുദ്ധിയുള്ള മനുഷ്യൻ ചെയ്യേണ്ടത് തനിക്ക് ദൈവത്തിൻെറ സന്ദേശം ലഭിച്ചിട്ടുണ്ടല്ലോ ഇനി തൻെറ അവസ്ഥ എന്താണ് എന്ന് ചിന്തിക്കുകയാണ്. മറ്റുള്ളവരുടെ കാര്യം അവൻ നോക്കേണ്ടതില്ല. ദൈവത്തിനറിയാം ആർക്കാണ് സന്ദേശം കിട്ടിയിട്ടുള്ളത് എപ്പോഴാണ് കിട്ടിയത് എന്നൊക്കെ.

മൂന്നു സംഗതികൾ പ്രവചകന്മാർക്ക് നല്കിയതായി ഖുർആൻ പറഞ്ഞിരിക്കുന്നു.

1- കിതാബ് (വേദം). അതായത് ദൈവത്തിൻെറ മാർഗ്ഗദർന പ്രമാണം
2- ഹുക്മ് (ശാസനാധികാരം) അതായത്, ആ മാർഗ്ഗദർശന പ്രമാണത്തിൻെറ ശരിയായ വ്യാഖ്യാനവും അതിൻെറ തത്വങ്ങളെ ജീവിതവ്യവഹാരങ്ങളിൽ പ്രയോഗവൽക്കരിക്കാനുള്ള യോഗ്യതയും ജീവിത പ്രശ്നങ്ങളിൽ വിധിനിർണ്ണായകമായ അഭിപ്രായ രൂപീകരണത്തിനുള്ള ദൈവദത്തമായ സാമർത്ഥ്യവും
3- നുബുവ്വത്ത് (പ്രവാചകത്വം). അതായത് പ്രസ്തുത മാർഗ്ഗദർശനമനുസരിച്ചു ദൈവദാസന്മാർക്ക് നേതൃത്വം നല്കുന്ന പദവി.

---

തുടരും